**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **19-01-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലത്ത് ഗ്രാമവികസന വകുപ്പിന്റെ പരിശീലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പരിശീലന കേന്ദ്രത്തിന് വേണ്ടിയുള്ള സ്ഥലം കോതമംഗലം മണ്ഡലത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കിലയുടെ സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കൊട്ടളത്ത്മല സർവ്വേ നമ്പർ 125-ലെ 6.33 ഏക്കർ സ്ഥലം വികസന പരിശീലനത്തിന് അനുയോജ്യമാണെന്ന് കില അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (സി) | പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച സെക്രട്ടേറിയറ്റിലെ ഫയൽ നമ്പറും പ്രസ്തുത ഫയലിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ; | (സി) | തദ്ദേശഭരണ വകുപ്പിലെ ഐ.ബി. 2/311/2018/ തസ്വഭവ നമ്പർ ഫയലിലാണ് വിഷയം പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ കില ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന പ്രസ്തുത പരിശീലന കേന്ദ്രം അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | തദ്ദേശഭരണ വകുപ്പിലെ ഐ.ബി. 2/311/2018/ തസ്വഭവ നമ്പർ ഫയലിലാണ് വിഷയം പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ കില ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ